# കേരളകാർഷികസർവ്വകലാശാല

## കശുമാവ്ഗവേഷണകേന്ദ്രം, മാടക്കത്തറ

തീയതി. 15/07/2024

സിആർഎം(എസ്റ്റാ)1256/2023

**<u>പുനർ ക്വട്ടേഷൻ/ലേല പരസ്യം</u>**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറയിലെ പള്ളിക്കുന്ന് ബ്ളോക്കിൽ നിൽക്കുന്ന താഴെ പറയുന്ന മരങ്ങൾ മുറിച്ച് നീക്കം ചെയ്ത് കൊണ്ടുപോകുവാൻ തൽപ്പരരായവരിൽ നിന്നും ലേലം/ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. രഹസ്യ ക്വട്ടേഷനുകൾ 18/07/2024 ന് രാവിലെ 11.00 വരെ സ്വീകരിക്കും.

| നമ്പർ | മരങ്ങളുടെ പേര് | മരങ്ങളുടെഎണ്ണം |
|---|---|---|
| 1. | തേക്ക് | 4 |
| 2. | മുള്ളൻ കൈനി | 3 |
| 3. | പൂവാക | 2 |

<u>വ്യവസ്ഥകൾ</u>

- **ഓരോ ഇനം മരങ്ങളുടേയും തുക പ്രത്യേകമായി തന്നെ ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.**

1. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകളിലേതെങ്കിലും കൊണ്ടുവരേണ്ടതാണ്. കൊണ്ടുവരാത്തപക്ഷം ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

2. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നതിന് ലേല ദിവസം (18/07/2024 ന്) നിരതദ്രവ്യം 800/- രൂപ (എണ്ണൂറ് രൂപ മാത്രം) പണമായി ഈ ഓഫീസിൽ രാവിലെ 11.30 മണിക്ക് മുമ്പേ അടക്കേണ്ടതാണ്. നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമേ ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളു.

3. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ നിശ്ചിതസമയത്തിന് മുമ്പായി ക്വട്ടേഷൻ ഓഫീസിലെത്തിക്കുകയോ പരസ്യലേലത്തിൽ പങ്കെടുക്കുകയോ ചെയ്യേണ്ടതാണ്.

4. മൂന്ന് (3)സീൽഡ് ക്വട്ടേഷനുകളെങ്കിലും ലഭിച്ചാൽ മാത്രമേ ക്വട്ടേഷൻ നടപടികൾ ആരംഭിക്കുകയുള്ളൂ.

5. നിശ്ചിതതീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും. പൂരിപ്പിച്ച ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 18/07/2024 രാവിലെ 11.30 മണി വരെയാണ്. ലേല നടപടികൾ കൃത്യം 11:30 മണിക്ക് തന്നെ ആരംഭിക്കുന്നതാണ്.

6. ക്വട്ടേഷനുകൾ അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ എന്ന വിലാസത്തിൽ ആയിരിക്കണം സമർപ്പിക്കേണ്ടത്. ക്വട്ടേഷൻ അയക്കുന്ന കവറിനു പുറത്ത് **'മരങ്ങൾമുറിച്ച് മാറ്റികൊണ്ടു പോകുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് എഴുതിയിരിക്കണം.

7. ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യയ്ക്കു വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിനു ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം/ ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം/ ക്വട്ടേഷൻ തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക 3 പ്രവർത്തി ദിവസത്തിനകം (22/07/2024, തിയ്യതിക്ക് മുമ്പായി) അടച്ച് മരം മുറിയ്ക്കാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

8. ലേലം/ ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി 3 പ്രവർത്തി ദിവസത്തിനകം (22/07/2024,) സെക്യൂരിറ്റി നിക്ഷേപമായി ലേല തുകയുടെ 5% ഓഫീസിൽ അടച്ച് രശീത് കൈപ്പറ്റേണ്ടതാണ്.

9. ലേല സംഖ്യക്കു പുറമേ ലേല സംഖ്യയുടെ 5% വനവികസന നികുതിയും (എഫ് ഡി ടി), ക്വട്ടേഷൻ പിടിച്ച ആൾ 22/07/2024 തീയതിക്ക് മുൻപ് അടയ്ക്കേണ്ടതാണ്.

10. നിശ്ചിതസമയത്തിനകം തുക (ജി.എസ്.റ്റിഉൾപ്പടെ) പൂർണ്ണമായി അടക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം ലേലം അസാധുവാക്കുന്നതിനും അടച്ച തുക സർവ്വകലാശാലക്ക് കണ്ടുകെട്ടുന്നതിനും പുനർലേലം നടത്തുന്നതിനുമുള്ള അധികാരവും ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

11. പൂർണ്ണമായും മുറിച്ച് മാറ്റുന്ന മരങ്ങൾക്ക് 18% ജി.എസ്.റ്റിയും 5% ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സും ബാധകമാണ്.

12. നികുതി ഉൾപ്പെടെയുള്ള മുഴുവൻ ലേലത്തുകയും കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറയിൽ അടച്ചതിന് ശേഷം മാത്രമേ മരങ്ങൾ മുറിച്ചു മാറ്റാൻ അനുവദിക്കുകയുള്ളു. ക്വട്ടേഷൻ ലഭിച്ചാൽ 10 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും തടികൾകൊണ്ടു പോകേണ്ടതാണ്.

13. പ്രവർത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ മാത്രമേ തടികൾ കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളൂ. തടികൾ ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം കൊണ്ടുപോകേണ്ടത്.

14. തടികൾ കൊണ്ടുപോകേണ്ടത് ഗവേഷണ കേന്ദ്രത്തിലെ ഫാമിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലായിരിക്കണം. തടികൾ കൊണ്ടു പോകുമ്പോൾ ചുറ്റുപാടുമുള്ള സ്ഥാവര ജംഗമവസ്തുക്കൾക്ക് യാതൊരുവിധത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാക്കാൻ പാടുള്ളതല്ല.

15. ഏതെങ്കിലും വിധത്തിൽ സർവ്വകലാശാലക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം അതിന്റെ പൂർണ്ണമായ ഉത്തരവാദിത്തം ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആളിന്റേതായിരിക്കുകയും, ഈ സാഹചര്യത്തിൽ അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ് നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടയ്ക്കുവാൻ' ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

16. സർവ്വകലാശാലക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കാതെ തടികൾ പൂർണ്ണമായി നീക്കം ചെയ്തതിനു ശേഷം നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും തിരികെ നൽകുന്നതാണ്. ഇതിന് വേണ്ടി രശീതിയോടൊപ്പം അപേക്ഷ സമർപ്പിക്കണം.

17. ലേലം/ ക്വട്ടേഷൻ സംബന്ധിച്ചിടത്തോളം, ഏതൊരു കാര്യത്തിനും അന്തിമതീരുമാനം കൈകൊള്ളുന്നതിനുള്ള അധികാരം അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറയിൽ നിക്ഷിപ്തമാണ്.

18. ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ലേലം/ക്വട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ലേലം/ക്വട്ടേഷൻ അടുത്ത പ്രവർത്തിദിവസം നിശ്ചിതസമയത്തുതന്നെ നടത്തുന്നതാണ്.

19. ലേലം മാറ്റിവയ്ക്കുന്നതിനോ ഉറപ്പിക്കുന്നതിനോ / റദ്ദാക്കുന്നതിനോ / മേലാധികാരിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനോ ഉള്ള അധികാരം അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറയിൽ നിക്ഷിപ്തമായിരിക്കും.

20. ലേലം/ക്വട്ടേഷനിൽ വച്ചിട്ടുള്ള മരങ്ങൾ പരിശോധിക്കുവാൻ കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറയിലെ ഫാം ഓഫിസുമായി ബന്ധപ്പെടേണ്ടതാണ്.

21. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ഫോൺ നമ്പർ : 0487 2980339

ഗവേഷണകേന്ദ്രം മേധാവി

Assistant Professor & Head i/c
Cashew Research Station
Kerala Agricultural University
Madakkathara P. O., Thrissur-680 65

പകർപ്പ്-

1. കെ എ യു വെബ്സൈറ്റ്
2. ഗ്രാമപഞ്ചായത്ത് ഓഫീസ്, മാടക്കത്തറ
3. കൃഷിഭവൻ, ഒല്ലൂക്കര
4. വില്ലേജ് ഓഫീസ്, വെള്ളാനിക്കര & മാടക്കത്തറ
5. നോട്ടീസ്ബോർഡ്, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ
6. കാർഷിക കോളേജ്, വെള്ളാനിക്കര, നോട്ടീസ്ബോർഡ്
7. കാർഷിക ഗവേഷണ കേന്ദ്രം, മണ്ണൂത്തി, നോട്ടീസ്ബോർഡ്
8. പി. പി. എൻ. എം.യു, നോട്ടീസ്ബോർഡ്
9. ബി. ആർ. എസ്., കണ്ണാറ, നോട്ടീസ്ബോർഡ്
10. ഫാം ഓഫീസ്, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ